# മിനിമം കൂലി: എട്ട് ഇരട്ടി നഷ്ടപരിഹാരം നല്കണമെന്ന ഉത്തരവ് റദ്ദാക്കി

## ഡൽഹി ഹൈക്കോടതി

W.P. (C) No. 4616/2015 Dt. 23.4.2018

ടോപ്സ് സെക്യൂരിറ്റി ലിമിറ്റഡ്

x

രഘുനന്ദൻ ചൗധരി

സ്ഥാപനത്തിന് മിനിമം കൂലി നിയമം ബാധകമാണ്. അവിടത്തെ തൊഴിലാളികൾക്ക് നല്കേണ്ട മിനിമം കൂലി നിരക്ക് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം പ്രസ്തുത നിരക്കിലുള്ള കൂലി നല്കിയില്ല. തുടർന്ന് അവിടത്തെ എഴുപത്തിയൊന്ന് തൊഴിലാളികൾ യൂണിയൻ മുഖേന മിനിമം കൂലി നിയമ അതോറിറ്റിയെ സമീപിച്ചു. 2012 ഒക്ടോബർ മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിലെ മിനിമം കൂലി നിരക്കിലുള്ള വേതന ബാക്കി ലഭ്യമാക്കണമെന്നാണ് യൂണിയൻ ആവശ്യപ്പെട്ടത്. മേനേജ്മെന്റിന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ അതോറിറ്റി തൊഴിലാളികൾക്ക് വേതന ബാക്കിയും അതിന്റെ എട്ടിരട്ടി തുക നഷ്ടപരിഹാരവും നല്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കി. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പത്തിരട്ടിവരെ നഷ്ടപരിഹാരം അനുവദിക്കാൻ അതോറിറ്റിക്ക് വിവേചനാധികാരമുണ്ടെങ്കിലും അത് എന്തടിസ്ഥാനത്തിലും എന്തു മാനദണ്ഡത്തിലുമാണ് വിനിയോഗിക്കേണ്ടതെന്ന് നിയമത്തിലോ ചട്ടങ്ങളിലോ വ്യക്തമാക്കിയിട്ടില്ലെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. നഷ്ടപരിഹാരം വിധിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടില്ലെന്നു കണ്ട ഹൈക്കോടതി ആറ് മാസകാലയളവിലെ കുടിശികയുടെ പേരിൽ എട്ടിരട്ടി നഷ്ടപരിഹാരം ഉത്തരവിട്ടത് അമിതമായെന്നു വിലയിരുത്തുകയും നഷ്ടപരിഹാരം മൂന്നിരട്ടിമാത്രമായി കുറച്ച് ഉത്തരവിടുകയും ചെയ്തു.